പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ.239 — 09-03-2017-ൽ മറുപടിയ്ക്ക്

**പട്ടികജാതി പട്ടിക ഗോത്രവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസ ആനുകൂല്യങ്ങൾ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ബി.സത്യൻ**<br>**ശ്രീമതി.വീണാ ജോർജ്ജ്**<br>**പ്രൊഫ.കെ.യു.അരുണൻ**<br>**ശ്രീ.ഒ.ആർ.കേളു** | | **ശ്രീ. എ.കെ.ബാലൻ**<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും, നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| എ) | പട്ടികജാതി പട്ടിക ഗോത്രവർഗ്ഗ വിദ്യാർത്ഥികൾക്ക് നൽകി വരുന്ന വിദ്യാഭ്യാസ ആനുകൂല്യങ്ങൾ ഏതൊക്കെയെന്നും ഈ സർക്കാർ അധികാരത്തിലെത്തിയശേഷം ആനുകൂല്യങ്ങളിൽ വരുത്തിയ വർദ്ധനവ് എത്രയെന്നും അറിയിക്കുമോ; ഈ തുക പര്യാപ്തമാണോ; ഇല്ലെങ്കിൽ ആനുകൂല്യങ്ങൾ വർദ്ധിപ്പിച്ചു നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ ; | എ) | I. പട്ടികജാതി വിദ്യാർത്ഥികൾക്കു നൽകിവരുന്ന വിദ്യാഭ്യാസാനുകൂല്യങ്ങൾ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br>**1.പ്രീമെട്രിക് സ്കോളർഷിപ്പ്**<br>I മുതൽ X വരെയുള്ള വിദ്യാർത്ഥികൾക്ക് ലംപ്സം ഗ്രാന്റിനു പുറമേ ദുർബലവിഭാഗത്തിന് സ്റ്റൈപ്പന്റ് നൽകിവരുന്നു.<br>9,10 ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ലംപ്സം ഗ്രാന്റിനു പുറമേ കേന്ദ്ര ഗവൺമെന്റ് സ്കോളർഷിപ്പ് നൽകുന്നു.<br>ഡേ സ്ക്കോളർ - 2250/ രൂപ<br>ഹോസ്റ്റലേഴ്സ് - 4500/ രൂപ<br>**2 പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ്**<br>പ്ലസ് വൺ മുതൽ ബിരുദാനന്തരബിരുദം, പ്രൊഫഷണൽ കോഴ്സുകൾ എന്നിവയ്ക്കു പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഇ-ഗ്രാന്റ്സ് മുഖേന വിദ്യാഭ്യാസാനുകൂല്യം അനുവദിയ്ക്കുന്നു. |

3. **പ്രൈമറി എഡ്യൂക്കേഷൻ എയ്ഡ്**

1 മുതൽ 4 വരെയുള്ള വിദ്യാർത്ഥികൾക്ക് സ്ക്കൂൾ വർഷാരംഭത്തിൽ ബാഗ്, കുട, ചെരിപ്പ് എന്നിവ വാങ്ങുന്നതിനായി "പ്രൈമറി എഡ്യൂക്കേഷൻ എയ്ഡായി" 2000/- രൂപ നിരക്കിൽ നൽകുന്നു

4. **അപ്ഗ്രഡേഷൻ ഓഫ് മെറിറ്റ്**

(100% CSS) 9-ാം ക്ലാസ്സിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പഠനത്തോടൊപ്പം പരിശീലനവും എൻട്രൻസ് കോച്ചിങ്ങും നൽകുന്ന പദ്ധതി. കേന്ദ്ര സ്കീം പ്രകാരം ഹോസ്റ്റലേഴ്സിനു 25,000/- രൂപ നൽകുന്നു. 9-ാം ക്ളാസ്സിൽ വെച്ചു തെരഞ്ഞെടുക്കുന്ന വിദ്യാർത്ഥിക്ക് 12-ാം ക്ളാസ്സു വരെ ഈ ആനുകൂല്യം ലഭിക്കും.

5. **9,10 ക്ലാസുകളിലെ പ്രീമെട്രിക് സ്കോളർഷിപ്പ് (100% CSS)**

6. **ഗവൺമെന്റ് ഓഫ് ഇന്ത്യാ സ്കോളർഷിപ്പ്** (2.5 ലക്ഷം രൂപയിൽതാഴെ വാർഷിക കുടുബ വരുമാനമുള്ളവർക്ക്)

7. **സ്റ്റെതസ്കോപ്പ് വാങ്ങുന്നതിന് 5,500/-രൂപ**

(എം.ബി.ബി.എസ്/ബി..ഡി..എസ് കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്ക്)

8. **ലാപ്ടോപ്പ് വാങ്ങുന്നതിന് 25,000/- രൂപ**

9. **പ്രാരംഭച്ചെലവുകൾ**

(ഒന്നാംവർഷ ബി..ടെക്ക് വിദ്യാർത്ഥികൾക്ക് 5000/- രൂപ വീതവും എം.ബി.ബി.എസ്/ ബി..ഡി..എസ്,ബി.എ.എം.എസ് /ബി.എച്ച്.എം.എസ് വിദ്യാർത്ഥികൾക്ക് 10,000/- രൂപ വീതവും നൽകുന്നു.)

10. **വൃത്തിഹീന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ മക്കൾക്കായുള്ള ധനസഹായം**

ഇതുപ്രകാരം 1 മുതൽ 10 വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പ്രതിമാസ സ്റ്റൈപ്പന്റ് -110/- രൂപ (10 മാസം)

അഡ്ഹോക്ക് ഗ്രാന്റ് - 750/- രൂപ (ഡേസ്ക്കോളേഴ്സ്)

1000/- രൂപ (ഹോസ്റ്റലേഴ്സ്)

11. **അയ്യങ്കാളി ടാലന്റ് സെർച്ച് & ഡെവലപ്മെന്റ് സ്കീം**

4, 7 ക്ലാസ്സുകളിൽ ലഭിച്ച ഗ്രേഡിന്റെ അടിസ്ഥാനത്തിൽ 10-ാം ക്ലാസ്സു വരെ പ്രതിവർഷം 4500/- രൂപ അനുവദിക്കുന്നു.(കുടുംബ വാർഷിക വരുമാന പരിധി ഒരു ലക്ഷം രൂപ)

12. **വിഷൻ 2013- മെഡിക്കൽ/ എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷാ പരിശീലനത്തിന് ധനസഹായം നൽകുന്ന പദ്ധതി.**

പ്ലസ്സ് വൺ ,പ്ലസ്സ് ടു പ്രവേശനം നേടുന്ന വിദ്യാർത്ഥികൾക്ക് തെരഞ്ഞെടുക്കപ്പെട്ട കോച്ചിങ്ങ് സെന്ററുകളിൽ പരിശീലനം നേടുന്നതിന്

പ്രതിവർഷം 10,000/- രൂപ വീതം 2 വർഷത്തേക്ക് 20000/- രൂപ അനുവദിക്കുന്നു. (വിദ്യാർത്ഥികളുടെ കുടുംബ വാർഷിക വരുമാന പരിധി 4.5 ലക്ഷം രൂപ)

13. പ്രത്യേക പ്രോത്സാഹനസമ്മാനം
(എസ്.എസ്.എൽ.സി, +2, ടി.ടി.സി., ഡിപ്ലോമ, ഡിഗ്രി, പി.ജി. പ്രൊഫഷണൽ കോഴ്സുകൾക്ക് ഉന്നത വിജയം കരസ്ഥമാക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക്)

14. ബുക്ക് ബാങ്ക് സ്കീം
(50%CSS)
പ്രൊഫഷണൽകോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് റഫറൻസ് പുസ്തകങ്ങൾ വാങ്ങാൻ ബന്ധപ്പെട്ട സ്ഥാപനത്തിന് ധനസഹായം

15. പാരലൽ കോളേജുകളിൽ പഠിക്കുന്നവർക്ക് ധനസഹായം

16. വിദേശ പഠനസഹായം

**II.പട്ടികവർഗ്ഗവിഭാഗം വിദ്യാർത്ഥികൾക്ക് താഴെപ്പറയുന്ന വിദ്യാഭ്യാസാനുകൂല്യങ്ങൾ അനുവദിയ്ക്കുന്നു.**

1. നഴ്സറി സ്കൂൾ വിദ്യാർത്ഥികൾക്ക് ലംപ്സം ഗ്രാന്റ് പ്രീമെട്രിക്ക് തലം
2. ഒന്നു മുതൽ 10 വരെ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ലംപ്സം ഗ്രാന്റ്, സ്റ്റൈപന്റ്.
3. പോസ്റ്റ് മെട്രിക്ക് തലം
സർക്കാർ അംഗീകരിച്ച ഫീസ് (വരുമാനപരിധിയില്ലാതെ) വാർഷിക ലംപ്സം ഗ്രാന്റ് പ്രതിമാസ സ്റ്റൈപന്റ്, കോളേജ്/അംഗീകൃത ഹോസ്റ്റലേഴ്സിനു ABLCയും പോക്കറ്റ് മണിയും നൽകുന്നു.
4. കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം പ്രീമെട്രിക്ക് തലം 9,10 ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് പ്രതിവർഷ സ്കോളർഷിപ്പ് 1500/- രൂപ.

5. ബുക്കുകൾ തുടങ്ങിയ പഠന സാമഗ്രികൾ വാങ്ങുന്നതിനുള്ള ഗ്രാന്റ് 750/- രൂപ .
6. ഹോസ്റ്റലിൽ താമസിച്ച് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് (2.5 ലക്ഷം കുടുംബ വാർഷിക വരുമാനമുള്ള) 3500/- രൂപ
7. പെരിപ്പതറ്റിക്ക് സെന്റർ, ഏകാധ്യാപക വിദ്യാലയം എന്നിവിടങ്ങളിലെ കുട്ടികൾക്ക് ലംപ്സം ഗ്രാന്റ്/പ്രതിമാസ സ്റ്റൈപ്പന്റ്.
8. അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച് ആന്റ് ഡെവലപ്പ്മെന്റ് സ്കീം
9. ട്യൂട്ടോറിയൽ ഗ്രാന്റ്
10. സമർത്ഥരായ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹനം
11. ബെറ്റർ എഡ്യൂക്കേഷൻ
12. ലാപ്ടോപ്പ് വിതരണം
13. മെഡിക്കൽ എഞ്ചിനീയറിംഗ് എൻട്രൻസ് പരിശീലനം
14. വിദേശ പഠനധനസഹായം

ഇതിനെല്ലാമുപരിയായി 02/07/2009 ലെ സ.ഉ.(പി) 50/2009/പജ.പവ.വിവ ഉത്തരവിൽ പ്രതിപാദിച്ചിട്ടുള്ള എല്ലാ ആനുകൂല്യങ്ങളും പട്ടികജാതി പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് നൽകി വരുന്നു.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി/പട്ടികവർഗ്ഗ/മറ്റർഹ വിഭാഗം വിദ്യാർത്ഥികൾക്ക് നൽകി വന്നിരുന്ന ലംപ്സം ഗ്രാന്റ്, Stipend എന്നിവയിൽ 25% വർദ്ധനവ് വരുത്തിയിട്ടുണ്ട്. (25/06/2016-ലെ സ.ഉ.(എം.എസ്)43/2016/പജപവവിവ പ്രകാരം)

നിലവിൽ നൽകി വരുന്ന ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

| | | | |
|---|---|---|---|
| ബി) | വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് കമ്പ്യൂട്ടർ നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഏത് ക്ലാസ്സിൽ പഠിക്കുന്നവർക്കെന്ന് അറിയിക്കുമോ; ലാപ്ടോപ്പ് വാങ്ങാൻ അനുമതിയായിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ ? | ബി) | നിലവിൽ B.Tech, M.Tech, MCA, Polytechnic(Computer Science), B.Sc(ComputerScience),M.Sc(Computer Science), BAMS, MBA, MBBS, BDS, B.V.Sc&AH എന്നീ കോഴ്സുകൾക്ക് 1-ാം വർഷം പഠിയ്ക്കുന്ന **പട്ടികജാതി വിദ്യാർത്ഥികൾക്ക്** ലാപ്ടോപ്പ് വാങ്ങുന്നതിനായി 25,000/-രൂപ ധനസഹായം അനുവദിക്കുന്നുണ്ട്.<br>29/06/2016-ലെ സ.ഉ(സാധാ)879/2016/ പജപവവിവ, 24/10/2016-ലെ സ.ഉ.(സാധാ)1602/2016/പജപവവിവ ഉത്തരവുകൾ പ്രകാരം പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് നൽകുന്നതിന് അനുമതി നൽകിയിട്ടുണ്ട്.<br>06/08/2016-ലെ സ.ഉ.(സാധാ)1072/2016/പജപവവിവ നം. ഉത്തരവ് പ്രകാരം അംഗീകരിച്ച താഴെപ്പറയുന്ന 12 കോഴ്സുകൾക്ക് രണ്ടാം വർഷം പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് അനുവദിച്ചു നൽകുന്നുണ്ട്.<br>1. എം.ബി.ബി.എസ്<br>2. ബി.ഡി.എസ്.<br>3. ബി.എ.എം.എസ്.<br>4. ബി.എച്ച്.എം.എസ്.<br>5. ബി.*വി*.എസ്.സി & എ.എച്ച്.<br>6. ബി..ടെക്ക്/ബി.ആർക്ക്<br>7. എം.ടെക്ക്<br>8. എം.ബി.എ<br>9. ബി.എസ്.സി കമ്പ്യൂട്ടർ സയൻസ്<br>10. എം.എസ്.സി. |

| | | | |
|---|---|---|---|
| | | | 11.പി.എച്ച്.ഡി.<br>12.എം.സി.എ<br>2016-17 വർഷം മേൽ കോഴ്സുകളിൽ രണ്ടാം വർഷം അദ്ധ്യയനം നടത്തുന്ന വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് വിതരണം ചെയ്യുന്നതിനായി 10/11/2016 -ലെ സ.ഉ.(സാധാ)1791/2016/ പജപവവിവ പ്രകാരം ഭരണാനുമതി നൽകിയതുപ്രകാരം 199 ലാപ്ടോപ്പുകൾ വിതരണം ചെയ്യുന്നതിനായി ഇ-ടെന്റർ ക്ഷണിച്ച് ലാപ്ടോപ്പ് വിതരണം ചെയ്യുന്നതിനായി സപ്ലൈ ഓർഡർ നൽകുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ